**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4018** **16.03.2017-ൽ മറുപടിയ്ക്ക്**

**പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ അടിസ്ഥാന സൗകര്യ വികസനം**

**ചോദ്യം**
**ശ്രീ.റ്റി.വി.രാജേഷ്**

**മറുപടി**
**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | കണ്ണൂർ ജില്ലയിലെ കല്ല്യശ്ശേരി മണ്ഡലത്തിലെ പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇവിടെ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയെന്നും അവയുടെ പ്രവർത്തന പുരോഗതി എന്തെല്ലാമാണെന്നും അറിയിക്കാമോ? | എ) | കണ്ണൂർജില്ലയിലെ പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>**I. 4 കോടി 11 ലക്ഷം രൂപയുടെ പ്രവർത്തികൾ**<br>1. സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം - 65% പൂർത്തിയായി<br>2. ഹൈസ്കൂൾ ക്ലാസ്സ് റൂം, ഐ.ടി ലാബ്, സ്മാർട്ട് റൂം നവീകരണം - പൂർത്തിയായി<br>**II. 85 ലക്ഷം രൂപയുടെ പ്രവൃത്തികൾ**<br>ഹയർസെക്കന്ററി ബ്ലോക്ക് ഒന്നാം നില നിർമ്മാണം - പൂർത്തിയായി<br>**III. 3 ലക്ഷം രൂപയുടെ പ്രവൃത്തികൾ**<br>ഹയർസെക്കന്ററി കമ്പ്യൂട്ടർ ലാബ് നിർമ്മാണം - പൂർത്തിയായി<br>ഹൈസ്കൂൾ ഹോസ്റ്റൽ, യു.പി.സ്കൂൾ ഹോസ്റ്റൽ നവീകരണം, മെസ്ഹാൾ ബിൽഡിംഗ്, +2 ക്ലാസ് |

| | | | |
|---|---|---|---|
| | | | റൂം, +2 ടോയ്‌ലറ്റ്, യു.പി.സ്കൂൾ ടോയ്‌ലറ്റ്, സ്റ്റാഫ് ക്വാർട്ടേഴ്സ് ഇലക്ട്രിക്കൽ ഫിറ്റിംഗ്സ്, സീനിയർ സൂപ്രണ്ടിന്റെ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം, വോളിബോൾ കോർട്ട്, ബാസ്കറ്റ് ബോൾ കോർട്ട്, ഓപ്പൺ എയർ ഓഡിറ്റോറിയം നിർമ്മാണം എന്നിവയ്ക്കായി 1,91,32,780/-രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ